(ഇ) ഇതിനുവേണ്ടി ലോകബാങ്കിന്റെ സഹായം ഇത് വരെ ആവശ്യപ്പെട്ടിട്ടില്ല.

കണ്ണാടിക്കാട് പ്രദേശത്ത് ദേശീയപാത കൈയേറ്റം

144 (3021) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊച്ചി-ബൈപ്പാസിൽ മരട് പഞ്ചായത്തിലെ കണ്ണാടിക്കാട് പ്രദേശത്ത് ദേശീയപാത കൈയേറിയതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ ഭാഗത്ത് ഒരു ഹോട്ടൽ ഉടമ നാലുവരിപ്പാതയ്ക്കുള്ള സ്ഥലം കൈയേറി കാർപാർക്ക് ഉണ്ടാക്കിയതായി പരാതി ലഭിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ ഇതേക്കുറിച്ച് അന്വേഷണം നടത്തിയോ ;

(ഡി) എങ്കിൽ ഇവർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി & ഡി) ദേശീയപാത 47 ൽ കി.മീ. 350/556 ൽ കിഴക്കുവശത്തായി സ്ഥിതി ചെയ്യുന്ന വൈറ്റ് ഫോർട്ട് ഹോട്ടൽ കെട്ടിടത്തിലേയ്ക്കും അവരുടെ തന്നെ അമ്യൂസ്മെന്റ് ഗെയിംസ് നടത്തുന്ന കെട്ടിടത്തിലേയ്ക്കും ദേശീയപാതയിൽ നിന്നും ദേശീയപാതയുടെ നിബന്ധന അനുസരിച്ച് ഓരോ പ്രവേശനവഴിക്ക് അനുവാദം കൊടുത്തിട്ടുണ്ട്. ഈ രണ്ട് പ്രവേശന വഴിക്കും ഇടയ്ക്കുള്ള സ്ഥലം വെള്ളക്കെട്ടുള്ളതിനാൽ കെട്ടിട ഉടമ സ്വന്തം ചെലവിൽ നികത്തിയിരുന്നു. ഇങ്ങനെ നികത്തിയ ഭാഗത്ത് ഹോട്ടലുടമ കച്ചവടം ഒന്നും നടത്തുന്നില്ല. അമ്യൂസ്മെന്റ് ഗെയിംസിന് കെട്ടിടത്തിലേയ്ക്ക് വരുന്ന ആൾക്കാരുടെ വാഹനങ്ങളാണ് ഇവിടെ പാർക്ക് ചെയ്യുന്നത്. ഇത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന്, ഗവൺമെന്റിന്റെ അനുവാദമില്ലാതെ, പൊതുമരാമത്ത് വകുപ്പ് സ്ഥലം മണ്ണിട്ട് നികത്തിയതിനാൽ ആ സ്ഥലം ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ട് ഹോട്ടലുടമയ്ക്ക് 9-12-1999-ൽ നോട്ടീസ് നൽകിയിരുന്നു. എന്നാൽ ആ നോട്ടീസിനെതിരെ ഹോട്ടലുടമ ഹൈക്കോടതി മുമ്പാകെ റിട്ട് ഹർജി ഫയൽ ചെയ്ത് സ്റ്റേ വാങ്ങുകയുണ്ടായി. ടി സ്റ്റേ ഒഴിവാക്കി കിട്ടുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

കോഴിക്കോട് ജില്ലയിലെ തീരദേശ റോഡുകൾ

145 (3022) ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിൽ നിലവിൽ തീരദേശ റോഡുണ്ടോ; തീരദേശ റോഡിന്റെ പ്രൊപ്പോസൽ നിലവിലുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly